23 (1755) ട്രഷറികളുടെ പ്രവർത്തനം

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽനിന്നും അക്കൗണ്ടുകൾ യഥാസമയം സർക്കാരിന് ലഭിക്കാറുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ്;

(സി) ട്രഷറികളിലെ വർദ്ധിച്ച ജോലിഭാരം ലഘൂകരിക്കാൻ സർക്കാർ എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) എല്ലാ ട്രഷറികളിൽ നിന്നും നിശ്ചിത ദിവസം തന്നെ അക്കൗണ്ടുകൾ ലഭിക്കാറില്ല.

(ബി) ജനകീയാസൂത്രണപദ്ധതി പ്രകാരം ട്രഷറികൾ വഴി കൈകാര്യം ചെയ്യുന്ന അധിക ജോലികൾ, പെൻഷൻ വിതരണം, സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ വഴിയുള്ള പണമിടപാടുകൾ എന്നിവയാലുള്ള ജോലി വർദ്ധനവുമൂലവും, കംപ്യൂട്ടർവൽക്കരണം പൂർണ്ണമായി നടപ്പാക്കി കഴിഞ്ഞിട്ടില്ലാത്ത അവസ്ഥ, എന്നിവ കാരണങ്ങളാകുന്നു.

(സി) ഉണ്ട്.

(ഡി) എല്ലാ ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു.

24 (1756) ട്രഷറികളിലെ കംപ്യൂട്ടർവൽക്കരണം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സബ് ട്രഷറികൾ കംപ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനുള്ള പരിപാടി എത്രത്തോളം പുരോഗമിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി എല്ലാ സബ് ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, പത്തനംതിട്ട എന്നീ റവന്യൂ ജില്ലകളിലെ സബ് ട്രഷറികളെ കംപ്യൂട്ടർ ശൃംഖലയിൽ ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു.

(ബി) രണ്ടായിരമാണ്ടോടുകൂടി എല്ലാ ട്രഷറികളിലും കംപ്യൂട്ടർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

25 (1757) പുതിയ ട്രഷറികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly